**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3568** **25.06.2013-ൽ മറുപടിയ്ക്ക്**

**കൂടംകുളം വൈദ്യുതി കേരളത്തിൽ എത്തിക്കുന്ന പ്രസരണ ലൈനിന്റെ നിർമ്മാണം.**

ചോദ്യം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

(എ) കൂടംകുളം വൈദ്യുതി കേരളത്തിൽ എത്തിക്കുന്ന പ്രസരണ ലൈനിന്റെ നിർമ്മാണ പ്രവൃത്തി തടസ്സപ്പെട്ടിരിക്കുന്നതിന്റെ കാരണമെന്തെന്ന് വിശദീകരിക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രസരണ ലൈൻ നിർമ്മാണത്തിനുള്ള തടസ്സം മാറുന്നില്ലെങ്കിൽ വൈദ്യുതി കേരളത്തിലെത്തിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത് ; വിശദമാക്കുമോ ?

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്

(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) കൂടംകുളം വൈദ്യുതി കേരളത്തിലെത്തിയ്ക്കുന്നതിനുള്ള 400 കെ. വി. പ്രസരണ ലൈൻ നിർമ്മാണം പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡ് എന്ന സ്ഥാപനമാണ് ഏറ്റെടുത്തിരിക്കുന്നത്. പ്രസ്തുത ലൈൻ റൂട്ടിൽ തിരുനെൽവേലി മുതൽ ഇടമൺ വരെയുള്ള ലൈൻ നിർമ്മാണം പൂർത്തിയായി ട്ടുണ്ട്. ഇടമൺ മുതൽ കൂടൽ വരെയും കൊച്ചി മുതൽ കുറവിലങ്ങാട് വരെയും നിർദ്ദിഷ്ട ലൈനിന്റെ ടവർ നിർമ്മാണം ഭാഗികമായി പൂർത്തിയായിട്ടുണ്ട്. എന്നാൽ കൂടൽ മുതൽ കുറവിലങ്ങാട് വരെ കോട്ടയം ജില്ലയിലും പത്തനംതിട്ട ജില്ലയിലും പൊതുജനങ്ങളുടെ എതിർപ്പു മൂലം ലൈൻ നിർമ്മാണം തടസ്സപ്പെട്ടിരിക്കുകയാണ്.

(ബി) ഈ ലൈൻ നിർമ്മാണം പൂർത്തീകരിക്കുവാൻ താമസിക്കുകയാണെങ്കിൽ കൂടംകുളത്തു നിന്നും കേരളത്തിനുള്ള വൈദ്യുതി വിഹിതം കൂടംകുളം - തിരുനെൽവേലി - ഉദുമൽപേട്ട് - മാടക്കത്തറ വഴി കൊച്ചിയിലെത്തിയ്ക്കാൻ സാധിക്കും. എന്നാൽ തിരുനെൽവേലിയിൽ നിന്നും ഇടമൺ വഴി കൊച്ചിയിലെത്തിക്കുന്നതിനേക്കാൾ കൂടുതൽ പ്രസരണ നഷ്ടം ഉണ്ടാവുമെന്നതിനാൽ നിർദ്ദിഷ്ട തിരുനെൽവേലി-ഇടമൺ- കൊച്ചി-മാടക്കത്തറ റൂട്ടിൽ തന്നെ ലൈൻ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. റൈറ്റ് ഓഫ് വേയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ചകൾ നടത്തുകയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ തുടർ നടപടികളുടെ ഭാഗമായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 23-04-2013-ൽ പവർഗ്രിഡ് ഉദ്യോഗസ്ഥർ, കെ. എസ്. ഇ. ബി. യിലേയും ഊർജ്ജ വകുപ്പിലേയും ഉദ്യോഗസ്ഥരുമായും മീറ്റിംഗ് നടത്തുകയും അതനുസരിച്ച് സർക്കാർ തലത്തിൽ പ്രശ്നം പരിഹരിക്കുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിച്ചു വരികയുമാണ്.

സെക്ഷൻ ഓഫീസർ.